ഭരണഭാഷ-മാതൃഭാഷ

നമ്പർ.401087/GADC13/GPO/2023/1958/(1)

കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്
കൊട്ടിയൂർ
കൊട്ടിയൂർ.പി.ഓ
കണ്ണൂർ
Phone No:04902430700
E-mail:kottiyoorgp@gmail.com

തീയതി : 20/06/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട കൺവീനർ ഇൻറ്റേണൽ വിജിലൻസ് ഓഫീസർ
ഉപജില്ല അദാലത്ത് സമിതി, LSGD , കണ്ണൂർ

സർ,

വിഷയം:- കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത്- ഉപജില്ലാ അദാലത്ത് -ലൈസൻസ് അനവദിക്കാത്തത് മറുപടി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന - അങ്ങയുടെ 15/06/23 ലെ കത്ത്

മേൽ പറഞ്ഞ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. കൊട്ടിയൂർ ഗ്രാമ പഞ്ജായത്തിൽ ലൈസൻസ് സമയ ബന്ധിതമായി നൽകാത്തതു സംബന്ധിച്ച്, മീറ്റിംഗിലെ നിർദ്ദേശ പ്രകാരം മറുപടി താഴെപ്പറയും വിധം നൽകുന്നു.

1. 1098/2023 - ഹരിദാസൻ ഇ എന്നവരുടെ ലൈസൻസ് അപേക്ഷ.

ടിയാൻ ലൈസൻസ് അപേക്ഷ 13/04/2023 നൽകിയിരുന്നു എങ്കിലും യഥാസമയം തൊഴിൽ നികുതി നൽകിയിരുന്നില്ല.നേരിട്ട് പലപ്പോഴായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാകാത്തതിലാണ് ലൈസൻസ് അനവദിക്കാതിരുന്നത്. എന്നാൽ ടിയാൻ 15/06/2023 ന് തൊഴിൽ നികുതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനവദിച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു.

2. 1100/2023 - സെലീന ആർ കെ എന്നവരുടെ ലൈസൻസ് അപേക്ഷ.

09/5/2023 ന് ടിയാരിയുടെ അപേക്ഷ പരിഗണച്ചുവെങ്കിലും ടിയാരി തൊഴിൽ നികുതി അടവാക്കാത്തതിലാണ് ലൈസൻസ് അനുവദിക്കാതിരുന്നത്. ടിയാരി തൊഴിൽ നികുതി അടവാക്കുന്ന മുറക്കേ ലൈസൻസ് അനുവദിക്കുള്ളൂ എന്നും 7 ദിവസത്തിനുള്ളിൽ ആയതു ലഭ്യമാക്കിയില്ലെങ്കിൽ അപേക്ഷ നിരസിക്കുമെന്നും ടിയാരിയെ അറിയിച്ചിട്ടുണ്ട് .(കത്തിൻറെ പകർപ്പ് ഹാജരാക്കുന്നു).

3.1142/2023 - ബിജു പി.കെ എന്നവരുടെ ലൈസൻസ് അപേക്ഷ.

ടിയാൻ ലൈസൻസ് അപേക്ഷ 20/04/2023 നൽകിയിരുന്നു എങ്കിലും യഥാസമയം ലൈസൻസ് ഫീയോ തൊഴിൽ നികുതിയോ അടവാക്കിയിരുന്നില്ല. ആയതിനാലാണ് ലൈസൻസ് അനുവദിക്കാതിരുന്നത്. ടിയാനോട് നേരിട്ട് അന്വേഷച്ചതിൽ നിന്നും സ്ഥാപനം ആരംഭിക്കാൻ നിലവിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നും ആയതിനാൽ ലൈസൻസ് ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്. (ആയത് രേഖമൂലം ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് ഹാജരാക്കുന്നു.)

മേൽ മറുപടികൾ അദാലത്തിൽ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

സത്യൻ കെ കെ
സെക്രട്ടറി

Document certified by SATHIAN K K <kottiyoorgp@gmail.com>.

Digitally signed by SATHIAN K K
Date: 2023.06.26 10:26:33 IST
Reason: ILGMS Govt. of kerala

കൊട്ടിയൂർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994ലെ 13) 232, 233, 234, 254 എന്നീ വകുപ്പുകളും

അതേ തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ച്

ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കായി നൽകുന്ന

# ലൈസൻസ്

നമ്പർ : 158/2023-24 , JC3-1098/2023 തീയതി : 16.06.2023

| | | |
|---|---|---|
| ലൈസൻസിയുടെ പേരും മേൽവിലാസവും | ഹരിദാസൻ ഏകരത്ത്, ഒറ്റപ്ലാവ് ,കൊട്ടിയൂർ പി.ഒ | |
| സ്ഥാപനത്തിന്റെ പേരും സ്ഥലനാമവും | ശ്രീശരണ്യ ട്രേഡേഴ്സ് | |
| ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | അനാധി,ഫാൻസി കച്ചവടം നടത്തുന്നതിന് | |
| കെട്ടിടത്തിന്റെ നമ്പരും വാർഡ് നമ്പരും | IX - 274/A,B | |
| ലൈസൻസ് കാലയളവ് | 01-04-2023 മുതൽ 31-03-2024 വരെ | |
| ഈടാക്കിയ ലൈസൻസ് ഫീസ് | ₹500 | രസീത് നം: 123040020<br>തീയതി: 12-04-2023 |
| തൊഴിൽക്കരം | ₹450 + ₹450 | രസീത് നം: 9419677<br>തീയതി: 15-06-2023 |
| ലൈസൻസ് അനുവദിക്കുന്നതിനായി ഹാജരാക്കിയ നിരാക്ഷേപപത്രങ്ങളുടെ വിശദാംശങ്ങൾ (നമ്പർ, തീയതി, കാലയളവ്, നൽകിയ അധികാരസ്ഥാനം) | | |

Document certified by SATHIAN K K<kottiyoorgp@gmail.com>.

Digitally signed by SATHIAN K K
Date: 2023.06.16 1?:23:07 IST
Reason: ILGMS Govt. of kerala

സെക്രട്ടറി
കൊട്ടിയൂർ ഗ്രാമപ്പഞ്ചായത്ത്

# ലൈസൻസി താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ടും അതേത്തുടർന്നുള്ള ചട്ടങ്ങളും ബൈലോകളും അനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു.

2. തൊഴിൽസ്ഥലവും അതിലുള്ള സാധനസാമഗ്രികളും പഞ്ചായത്ത് അധികാരികൾക്കോ / സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി വേണ്ട സൗകര്യങ്ങൾ നൽകേണ്ടതും അവർ ആവശ്യപ്പെട്ടാൽ ഈ ലൈസൻസ് കാണിക്കേണ്ടതുമാകുന്നു.

3. ഏതു സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസി തന്റെ പേരും ലൈസൻസിന്റെ നമ്പരും ഉദ്ദേശ്യവും കാണിക്കുന്ന ഒരു അടയാളപ്പലക വെച്ചിരിക്കേണ്ടതാണ്.

4. പഞ്ചായത്തിൽനിന്നും അനുവാദം സിദ്ധിച്ച ശേഷമല്ലാതെ തൊഴിൽസ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു.

5. തൊഴിൽസ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമികരോഗാണുക്കൾ ഉണ്ടാകാത്തവിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യാപാരത്തിനു വെച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈച്ച, അണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.

6. ഏതൊരു പ്രവൃത്തിദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.

7. ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റു പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്.

8. ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേൽപ്പറഞ്ഞ പരിസരത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചുവീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ ചപ്പുചവറോ അസഹ്യവും ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായി കേടുപാടു തീർത്തു നിലനിർത്തേണ്ടതാണ്.

9. ലൈസൻസി മേൽപ്പറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടുചേർന്നുള്ള ഏതൊരു ഓവുചാലും അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാടുതീർത്തും വെപ്പിക്കേണ്ടതാണ്.

10. അയിത്തം ആചരിക്കുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്.

11. ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠരോഗമോ, വ്രണമോ പകർച്ചവ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

12. നിരോധിത പ്ലാസ്റ്റിക് ഇനങ്ങൾ ഉൽപ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ പാടില്ല.

13. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്.

14. 20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ടോയിലെറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്

15. നിരോധിത ഉൽപ്പന്നങ്ങളായ പാൻമസാല, ഗുഡ്ക തുടങ്ങിയവ സംഭരിച്ചു വെക്കുവാനോ വിൽക്കുവാനോ പാടില്ല.

16. ബാലവേല അനുവദിക്കുവാൻ പാടില്ല.

17. മുകളിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് കാരണമാകാവുന്നതാണ്.

18. പൊതുഭരണവകുപ്പിന്റെ 13-06-2020ലെ സ.ഉ.(സാധാ) 1877/2020/പൊ.ഭ.വ. ഉത്തരവു പ്രകാരമുള്ള കോവിഡ് പ്രോട്ടോക്കോൾ പാലിക്കണം.

19. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22-07-2017ലെ സ.ഉ.(സാധാ) 2511/2017/ത.സ്വ.ഭ.വ. പ്രകാരമുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കണം.

20. മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ചിട്ടുള്ള പെർമിഷൻ, ലൈസൻസ്, മറ്റ് ക്ലിയറൻസുകൾ എന്നിവ അതത് സമയങ്ങളിൽ പുതുക്കേണ്ടതാകുന്നു. അല്ലാത്ത പക്ഷം പഞ്ചായത്ത് അനുവദിച്ചിട്ടുള്ള ലൈസൻസ് സ്വമേധയാ റദ്ദാകുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി
കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

NB. ഈ ലൈസൻസ് ഡിജിറ്റലായി ഒപ്പ് വച്ചിട്ടുള്ളതായതിനാൽ പ്രത്യേകമായ ഒപ്പും സീലും ആവശ്യമില്ല. ഈ ലൈസൻസ് അവസാനിക്കുന്ന തീയതിക്ക് മുപ്പതു ദിവസത്തിനകം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഭരണഭാഷ-മാതൃഭാഷ

നമ്പർ.401087/RPTL20/GPO/2023/1100/(3)

കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

കൊട്ടിയൂർ
കൊട്ടിയൂർ.പി.ഓ
കണ്ണൂർ
Phone No:04902430700
E-mail:kottiyoorgp@gmail.com

തീയതി : 16/06/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീമതി SELINA R K
KOTTIYOOR, Kottiyoor, 670651, Kannur, Kerala

സർ,

വിഷയം:- ഫാക്ടറികൾ ,വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ - ലൈസൻസ് അനുവദിക്കൽ,ലൈസൻസ് പുതുക്കൽ

താങ്കളുടെ അപേക്ഷ പരിശോധിച്ചതിൽ നിന്നും താങ്കൾ 600/- രൂപ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥനാണ് എന്നവിവരം താങ്കളെ അറിയിക്കുന്നു. ടി സാഹചര്യത്തിൽ താങ്കൾ ഈ കത്ത് കിട്ടി 7 ദിവസത്തിനകം പ്രസ്തുത തുക പഞ്ചയാത്താഫീസിൽ അടവാക്കേണ്ടതാണ്. ആയത് അടവാക്കുന്ന മുറക്ക് താങ്കൾക്ക് ലൈസൻസ് അനുവദിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു. അല്ലാത്ത പക്ഷം താങ്കളുടെ അപേക്ഷ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന വിവരവും താങ്കളെ അറിയിക്കുന്നു. എന്നാൽ പ്രസ്തുത അപേക്ഷയിൽ പറഞ്ഞിരിക്കുന്നതു പ്രകാരം കച്ചവടം നടത്തുന്നതിന് 1994 കേരള പഞ്ചായത്ത് രാജ് (Issue of licence to factories , trades, Entrepreneurship activities and other services) ചട്ടങ്ങൾ , ചട്ടം 5 പ്രകാരം ലൈസൻസ് നിർബന്ധമായും കരസ്ഥമാക്കേണ്ടതാണ്.

Document certified by SATHIAN K K

വിശ്വസ്തതയോടെ,

Digitally signed by SATHIAN K K
Date: 2023.06.16 15:23:49 IST
Reason: ILGMS Govt. of kerala

സത്യൻ കെ കെ
സെക്രട്ടറി

From

ബിജു പി.കെ
തോചേരിയിൽ

TO

സെക്രട്ടറി
കൊട്ടിയൂർ GP

ഞാൻ കൊട്ടിയൂർ പഞ്ചായത്തിൽ 20/4/23 ന് സമർപ്പിച്ച പുതിയ ലൈസൻസിന് വേണ്ടിയുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും, ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം തുടങ്ങാത്ത സാഹചര്യത്തിൽ അപേക്ഷ പിൻവലിക്കുകയാണെന്നു ബോധിപ്പിക്കുന്നു.

17/06/23
കൊട്ടിയൂർ

ഒപ്പ്

Biju